കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 4-1404/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി -22/07/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി 4-1404/17 തീയതി, 22/07/2017

കൊല്ലം ജില്ലയിലെ മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കൊല്ലം ജില്ലയിലെ മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-10-2016 മുതൽ 31-05-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണ-ക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09-06-2017 മുതൽ 29-06-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പത്മകുമാരി |

| | |
|---|---|
| | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിഷ്ണുപ്രിയ.കെ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.ബിനു.കെ | 0.104.2016 മുതൽ<br>31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.റ്റി.എഫ്.ജോസഫ് | 01.04.2016 മുതൽ<br>31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| 1. അസിസ്റ്റന്റ് എൻജീനിയർ | ശ്രീ.യേശുദാസ് സേവ്യർ<br>ശ്രീമതി.പ്രിയങ്ക<br>ശ്രീ.വിഷ്ണു.ആർ | 01.04.2016 മുതൽ<br>31.08.2016 വരെ<br>01-09-2016 മുതൽ<br>07-09-2016 വരെ<br>07.09.16 മുതൽ<br>31.03.2017 വരെ |
| 2. വി.ഇ.ഒ | ശ്രീമതി.സംഗീത.പി.കെ | 01.04.2016മുതൽ<br>31.03.2017വരെ |
| | ശ്രീമതി.സന്ധ്യാ രാജേന്ദ്രൻ.ടി | 01.04.16 മുതൽ<br>09.11.16 വരെ |
| | ശ്രീ. കൃഷ്ണ പ്രസാദ് | 09.11.16 മുതൽ<br>31.12.16 വരെ |
| | ശ്രീമതി.അനീഷ്യ | 23.02.17 മുതൽ<br>31.03.17 വരെ |

| | | |
|---|---|---|
| 3. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശ്രീകുമാരി<br>ശ്രീമതി.ജയശ്രീ.കെ.പി | 01.04.2016 മുതൽ 30.06.16 വരെ<br>01.07.16 മുതൽ<br>31.03.17 വരെ |
| 4. കൃഷി ഓഫീസർ | ശ്രീ.അജിത് കുമാർ.പി.വി | 01.04.2016 മുതൽ 31.03.2017 വരെ |
| 5.വെറ്ററിനറി സർജൻ | ഡോ.ബിന്ദു | 01.10.2016 മുതൽ 31.03.2017 വരെ |
| 6. ഹെഡ്മിസ്ട്രസ് | ശ്രീമതി.ഷീലാ ജോർജ്ജ് | 01.04.2016 മുതൽ 02.06.2016 വരെ |
| | ശ്രീമതി.വിമല | 02.06.2016 മുതൽ 22.08.2016 വരെ |
| | ശ്രീമതി.ഗീത | 23.08.2016 മുതൽ 30-09-2016 വരെ |
| | ശ്രീമതി.പ്രമീള | 01.10.16 മുതൽ 31.03.17 വരെ |
| 7. എം.ഒ. ആയൂർവേദം | ഡോ.രാജി.വിശ്വനാഥ് | 01.04.2016 മുതൽ 31.03.2017 വരെ |
| 8. എം.ഒ., പി.എച്ച്.സി | ഡോ.നിസ.ബി | 01.04.2016 മുതൽ 30.04.2016 വരെ |
| | ഡോ.ലിൻസി.പി.ബേബി | 01.05.2016 മുതൽ 18.06.16 വരെ |
| | മനോജ്.ബി.തോമസ്സ് | 18.06.16 മുതൽ 31.03.2017 വരെ |
| 9. എം.ഒ.ഹോമിയോ | ഡോ.ബബിത | 01.06.16 മുതൽ |

| | | |
|---|---|---|
| | | 31.03.2017 വരെ |
| 10. ഡയറി ഫാം ഇൻസ്ട്രക്ടർ | കുമാരി.ശ്രീദേവി | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യ പത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | ആഭ്യന്തര നിയന്ത്രണം | 1(10) |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(11) |
| | ഭാഗം 2<br>പ്രത്യേക ഓഡിറ്റ് നിരീക്ഷണങ്ങളില്ല. | |
| | ഭാഗം 3 | |
| 12 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല –M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ ആരംഭിച്ചില്ല | 3(1) |

| | | |
|---|---|---|
| 13 | മരാമത്ത് പ്രവൃത്തിയിൽ അധിക നിരക്ക് അനുവദിച്ചു –നഷ്ടം 1527/-രൂപ | 3(2) |
| 14 | തെറ്റായ മൂല്യനിർണ്ണയ തുക കരാറുകാരന് അനുവദിച്ചു – നഷ്ടതുക-1,222/-രൂപ | 3(3) |
| 15 | താറാവ് വളർത്തൽ പദ്ധതി -സബ്സിഡി അധികരിച്ച് നല്കി-10000/-രൂപയുടെ അധിക ചെലവ് | 3(4) |
| 16 | പോത്തു കുട്ടിവളർത്തൽ - സബ്സിഡി നിരക്കിൽ അധികരിച്ച് തുക നല്കി 67500/- രൂപ നിരാകരിക്കുന്നു | 3(5) |
| 17 | ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-656273/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3(6) |
| 18 | ക്ഷീര കർഷകർക്ക് സബ്സിഡി -പാൽ അളക്കാത്ത കാലയളവിലും സബ്സിഡി നല്കി – 8964/-രൂപ നിരാകരിക്കുന്നു | 3(7) |
| 19 | കന്നുകുട്ടി പരിപാലനംപദ്ധതി -വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 3(8) |
| 20 | വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല | 3(9) |
| 21 | കിടാരി വളർത്തൽ പദ്ധതി – കിടാരികളെ ഇൻഷ്വർ ചെയ്തതിന്റെ പോളിസികൾ ലഭ്യമാക്കിയിട്ടില്ല | 3(10) |
| 22 | റെഡിമെയ്ഡ് ബയോടോയിലറ്റ് നിർമ്മാണം – പദ്ധതി വിലയിരുത്തൽ | 3(11) |
| 23 | പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3(12) |
| 24 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3(13) |
| 25 | തെരുവ് വിളക്ക് വൈദ്യുതചാർജ് - മീറ്ററിംഗ് സംവിധാനം ഭാഗികമായി നടപ്പിലാക്കി | 3(14) |
| 26 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) –കെ.എം.സി.-എൽ.- ൽ നിന്നും മരുന്ന് ലഭിച്ചില്ല-50,000/-രൂപ തടസ്സപ്പെടുത്തുന്നു | 3(15) |

| | | |
|---|---|---|
| 27 | ഇ.എം.എസ് ഭവന പദ്ധതി - ലോൺ തിരിച്ചടവ് - കണക്കുകളിൽ വൈരുദ്ധ്യം | 3(16) |
| 28 | സഞ്ജീവനി ഹോം കെയർ പ്രോജക്ട് - സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ ഗുരുതരമായ അപാകതകൾ | 3(17) |
| | ഭാഗം 4 | |
| 29 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 30 | ഡിപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4(2) |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4(5) |
| 34 | ഓഡിറ്റ് റിക്കവറി | 4(6) |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4(9) |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.16 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 09.06.17 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 28-06-207 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട് |

അപാകതകൾ

1. മുൻ വർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

2. ബജറ്റ് ഫങ്ഷൻ - ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ
സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3. സംയോജിത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി.മുഖേനയാണ്. ആയതിനാൽ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

4. സംയോജിത പദ്ധതികൾക്ക് ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ട് ചിലവഴിക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

5. സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധി വിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

6. വസ്തുനികുതി, തൊഴിൽ നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് കണക്കുകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

7. ഇ.എം.എസ് ലോൺ തിരിച്ചടവ് തുക പാസ്സ് ബുക്ക്/ബാങ്ക് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

8. ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഇനത്തിൽ കാണിച്ചിരിക്കുന്ന 1207066രൂപ യഥാർഥത്തിൽ പേമെന്റ് നടന്ന തുകയാണ്. അത് ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്എന്ന ഇനത്തിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -1765622/- രൂപ

വരവ് -37889720/- രൂപ

ആകെ -39655342/- രൂപ

ചെലവ് -30925633/- രൂപ

നീക്കിയിരിപ്പ് -8729709/- രൂപ

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 5411245 | 5411245 | 5411245 | 0 | 100 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 1470700 | 1470700 | 1470700 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 5604 | 5604 | 5604 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 908585 | 908585 | 908585 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 2304755 | 2304755 | 2304755 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1911364 | 1911364 | 1911364 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 551918 | 551918 | 551918 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 872 | 15369300 | 15370172 | 15368292 | 1880 | 99.98 |
| ബി ഫണ്ട് | 0 | 20061730 | 20061730 | 20061730 | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 115 | 56123003 | 67 | 22262750 | 40 | 8 | 58% |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24.2 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 869240 | 1467422 | 598182 | +68.8% |
| നികുതിയേതര വരവുകൾ | 292706 | 318639 | 25933 | +8% |
| മറ്റുവരവുകൾ | 4045096 | 4681158 | 636062 | 15 |
| ആകെ | 5207042 | 6467219 | 1260177 | 24.2% |

## 1-8 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 194540 | 118 |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1160430 | 130 |
| വിധവാ പെൻഷൻ | 5411180 | 506 |
| വാർദ്ധക്യകാല പെൻഷൻ | 11031780 | 877 |
| വികലാംഗ പെൻഷൻ | 1894800 | 183 |
| അൻപത് വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 69000 | 3 |
| വിവാഹധന സഹായം | 300000 | 10 |

## **1-9** ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.06.17-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 427/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## **1-10** ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. കെട്ടിട നികുതിയുടെ സഞ്ചയ സോഫ്റ്റ്‌വെയർ ഇന്റഗ്രേഷൻ പൂർത്തിയായിട്ടുണ്ട്. മറ്റു വരവിനങ്ങളുടെ സഞ്ചയ സോഫ്റ്റ്‌വെയർ ഇന്റഗ്രേഷൻ പൂർത്തിയാക്കേണ്ടതാണ്. തനതു വരുമാനം വളരെ കുറഞ്ഞ പഞ്ചായത്ത് ആയതിനാൽ വരുമാന വർദ്ധനവിനായി വള്ളങ്ങൾക്ക് തൊഴിൽ നികുതി ഏർപ്പെടുത്തുക, പരസ്യ നികുതി ഏർപ്പെടുത്തുക, ഹോംസ്റ്റേ, റിസോർട്ട് എന്നിവയ്ക്ക് ഡി ആന്റ് ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഏർപ്പെടുത്തുക തുടങ്ങിയവ നടപ്പിലാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. ആയവ നടപ്പിലാക്കുന്നതിന് ഊർജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### **3-1** ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല **–M-Asset** മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ ആരംഭിച്ചില്ല

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്-13.01.2010 ലെ 58608/ഡി.ബി2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളൊ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്റർ പാലിക്കാത്തതിനാൽ ഗ്രാമ പഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥിതി ചെയ്യുന്ന സ്ഥാവര ആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽ ഫോൺ വഴി ജി.ഐ.എസ്. മാപ്പിംഗ് നടത്തുന്നതിനും കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം 'M-Asset' എന്ന മൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടൻ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ് 20.04.2016–ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന് ജെ1/37630/15 ഉത്തരവ് പുറപ്പെടുവിച്ചു.

2016 മാർച്ച് മാസം വരെ വാങ്ങിയതോ, നിർമ്മിച്ചതോ, വിട്ടുകിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ടി വിവരങ്ങൾ സംസ്ഥാന തലത്തിൽ ലഭ്യമാക്കുന്നതിനും വരും വർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനും, ഇതിന്റെ പൂർത്തികരണത്തിന് സെക്രട്ടറി, ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റ്, എൽ.എസ്.ജി.ഡി എ.ഇ. എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം. ഡയറക്ടറുടെ 09.06.2016-ലെ 223/LOBE/IKM/2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ ഒന്നും പാലിച്ചിട്ടില്ല. മൊബൈൽ ഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപയിൽ കവിയാത്ത ചെലവനുവാദം തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പിന്റെ സ.ഉ(സാധാ)നം.2904/16/ 19.10.2016 നമ്പരിൽ പുറപ്പെടുവിച്ചുവെങ്കിലും നാളിതുവരെ പ്രാരംഭ നടപടികൾ ആരംഭിച്ചില്ല.

ആസ്തി രജിസ്റ്റർ, സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിനും M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ, റവന്യൂ രേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തിമാത്രമെ 'port' ചെയ്യുന്നുവെന്നും സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. ടി വിഷയത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

### **3-2** മരാമത്ത് പ്രവൃത്തിയിൽ അധിക നിരക്ക് അനുവദിച്ചു –നഷ്ടം **1,527/-**രൂപ

CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate-ന്റെ കൂടെ PWD ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CE/Admin/PLA/1014/2005 സർക്കുലർ പ്രകാരം കൊല്ലം ജില്ലയ്ക്ക് 01.01.2015 മുതൽ ബാധകമായ Cost Index ആയ 1.4190 ചേർത്ത് 1:2:4 കോൺക്രീറ്റിംഗിന് കരാറുകാരന് നൽകാവുന്ന നിരക്ക് 7756.68/m3+ബോട്ട് കൺവേയൻസ് ഉൾപ്പെടെ 8,288.79/-രൂപയാണ്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പുറമേ തറ നിരപ്പാക്കി ഉറപ്പിക്കുന്നതിന് (Flooring, DSR Code:11.7) നൽകേണ്ട നിരക്കു കൂടി ചേർത്ത് എം. ക്യൂബിന് 8644.33/- രൂപ നിരക്കിൽ കരാറുകാരന് ഫൈനൽ ബില്ല് തയ്യാറാക്കി തുക നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം. S09/17 – പുളിമൂട്ടിൽ കടവ് – ചിറയിൽ കടവ് റോഡ് കോൺക്രീറ്റിംഗ്
അടങ്കൽ തുക- 1,00,000/- രൂപ –ധനകാര്യ കമ്മീഷൻ ഗ്രാന്റ്
കരാറുകാരൻ - ശ്രീ.സലീം, ബംഗ്ലാവിൽ, ശൂരനാട് വടക്ക്
ടി.എസ്.നം. 214/AEE/CTML/15-16/20.6.15
എഗ്രിമെന്റ് നം. MTGP/21/15-16/16.10.15
എം.ബുക്ക് നം. 3/16-17
ബിൽ നം. 8/16-17/28.03.17

<u>അനുവദിച്ച തുക :</u>
ഇനം.3) 1:2:4 –cement concrete pavement..finishing etc.complete
3.675 m3 x 8644.33 രൂപ /m3 നിരക്കിൽ -31,767.91 രൂപ

<u>അനുവദനീയമായ തുക :</u>
3.675 m3 x 8228.79 രൂപ /m3 നിരക്കിൽ -30,240.80 രൂപ
അധികം അനുവദിച്ച തുക - 1,527/- രൂപ

<u>ആകെ മൂല്യനിർണ്ണയം</u>
97,285.00
കരാറുകാരന് നൽകിയ തുക - 90,534/-രൂപ

തെറ്റായ നിരക്ക് അനുവദിച്ചതിനാൽ നഷ്ടമായ 1,527/-രൂപ ഉത്തരവാദിയായ അസി.എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

### **3-3** തെറ്റായ മൂല്യനിർണ്ണയ തുക കരാറുകാരന് അനുവദിച്ചു-നഷ്ടതുക-**1,222/-**രൂപ

കരാറുകാരൻ - ശ്രീ.ഷാജി.പി., ഷാജി ഭവനം, പട്ടം തുരുത്ത്
അടങ്കൽ തുക- 175000/- രൂപ (മെയിന്റനൻസ് ഫണ്ട്)

പ്രോജക്ട് നം. 71/17 –ഇടിയക്കടവ് തുമ്പും മുഖം റോഡ് റീടാറിംഗ്

ടി.എസ്.നം. 11270/2016-17/17.11.16
എഗ്രിമെന്റ് നം. MTGP/7/16-17/10.01.17
എം.ബുക്ക് നം. 3/16-17
ബിൽ നം. 8/16-17/28.03.17

പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം ഇനം –
Modified penetration macadam 75 mm—clause 56

15.17m2 x 325.27 m2 നിരക്കിൽ 4,934.35/-രൂപയ്ക്ക് പകരം 19.17 m2 x 325.27 m2 നിരക്കിൽ 6234.28 രൂപ എന്ന തെറ്റായി തിട്ടപ്പെടുത്തി തുക അനുവദിച്ചതിനാൽ 1,222/-രൂപ (6% നികുതി തുകകൾ കഴിച്ച്) നഷ്ടമായി.

<u>എം ബുക്ക് പ്രകാരം മൂല്യനിർണ്ണയം</u>

| | |
|---|---|
| ആകെ തുക | -1,44,815/-രൂപ |
| കുറയ്ക്കുക(6%) നികുതികൾ | -8689/-രൂപ |
| കരാറുകാരന് അനുവദിച്ച തുക | -1,36,126/-രൂപ |

<u>ശരിയായ മൂല്യനിർണ്ണയം</u>

| | |
|---|---|
| ആകെ തുക | – 1,43,515/-രൂപ |
| കുറയ്ക്കുക(6%) നികുതികൾ | – 8,611/-രൂപ |
| കരാറുകാരന് അർഹമായ തുക | – 1,34,904/-രൂപ |

നഷ്ടമായി തിട്ടപ്പെടുത്തിയ 1222/-(1,36,126-1,34,904 രൂപ) രൂപ ഉത്തരവാദിയായ അസി.എൻജിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 <u>താറാവ് വളർത്തൽ പദ്ധതി -സബ്സിഡി അധികരിച്ച് നല്കി-**10000/-**രൂപ അധിക ചെലവ്</u>

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

സബ്സിഡി മാർഗ്ഗരേഖ പ്രകാരം കോഴി, താറാവ് എന്നിവയെ വാങ്ങുന്നതിന് വിലയുടെ 75% എന്ന പരിധിക്ക് വിധേയമായി ഒരു കുടുംബത്തിന് പരമാവധി 500/-രൂപ വരെ സബ്സിഡി അനുവദിക്കാം എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പദ്ധതികളിൽ വാങ്ങിയ വിലയുടെ 83% തുക സബ്സിഡി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. അധികമായി ചെലവഴിച്ച സബ്സിഡി തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ഒരു യൂണിറ്റിന്റെ വില/ചെലവഴിക്കാവുന്ന സബ്സിഡി | ചെലവഴിച്ച തുക | വാങ്ങിയ യൂണിറ്റുകളുടെ എണ്ണം | ആകെ ചെലവഴിച്ച തുക | ചെലവഴിക്കാവുന്ന സബ്സിഡി തുക | അധികം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | തുക (75%) | | | | | |
| താറാവ് വളർത്തൽ (ജനറൽ) പ്രോജക്ട് നം- എസ് 028/17 വികസന ഫണ്ട് (ജനറൽ)65000/-രൂപ<br>ഗുണഭോക്തൃ വിഹിതം-18000/-രൂപ<br>ശുചിത്വമിഷൻ ഫണ്ട് 25000/-രൂപ<br>ആകെ -108000/-രൂപ | 600<br>450 | 500 | 180 | 90000/-രൂപ<br>(65000/-രൂപ ബിൽ നം. 6/29-3-17 & 25000/-രൂപ ഡി.ഡി.നം. 685635/ 31-3-17) | 81000 | 9000 |
| താറാവ് വളർത്തൽ (എസ്.സി.പി) പ്രോജക്ട് നം എസ് 033/17<br>വികസന ഫണ്ട്(SCP)- 75000/-രൂപ ഗുണഭോക്തൃ വിഹിതം- 15000/- രൂപ ആകെ -90000/-രൂപ ചെലവഴിച്ച തുക- 15000/- രൂപ (ബിൽ നം.14/23-3-16) | 600<br>450 | 500 | 30 | 15000 | 13500 | 1500 |
| | | | | | ആകെ | 10000 |

സബ്സിഡി അനുവദനീയമായതിന് ഉപരിയായി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1-20.6.17) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവഴിച്ച സബ്സിഡി തുക ഉത്തരവാദിയായ വെറ്ററനറി സർജനിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-5** <u>പോത്ത് കുട്ടിവളർത്തൽ - സബ്സിഡി നിരക്കിൽ അധികരിച്ച് തുക നല്കി **67500/-** രൂപ നിരാകരിക്കുന്നു</u>

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പോത്ത് കുട്ടി വളർത്തൽ പദ്ധതിയിൽ(പ്രോജക്ട് നം. 138/17, വികസന ഫണ്ട്(എസ്.സി.പി) – 300000/-രൂപ, ഗുണഭോക്തൃ വിഹിതം - 75000/-രൂപ), സബ്സിഡി അനുവദനീയമായതിലും അധികമായി ചെലവഴിച്ചിട്ടുണ്ട്. 11.1.2016-ലെ സ.ഉ.(എം.എസ്)നം.4/2016/ത.സ്വ.ഭ.വ മാർഗരേഖ പ്രകാരം കിടാരി വളർത്തൽ പ്രോജക്ടിൽ ഓരോ വ്യക്തിഗത ഗുണഭോക്താവിനും പട്ടികജാതി വിഭാഗത്തിൽ നല്കാവുന്ന പരമാവധി സബ്സിഡി തുക 7500/-രൂപ ആയിരിക്കെ 25 പോത്ത് കുട്ടികളെ വാങ്ങിയതിന് ഒരു ഗുണഭോക്താവിന് 10200/-രൂപ നിരക്കിൽ വികസന ഫണ്ടിൽ നിന്നും 255000/-രൂപ(ബിൽ നം. 10/31-3-17) ചെലവഴിച്ചിരിക്കുന്നു. 25 പോത്ത് കുട്ടികളെ വാങ്ങുന്നതിന് ചെലവഴിക്കാവുന്ന പരമാവധി തുക 187500/-രൂപ(25x7500) ആയതിനാൽ വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 67500/-രൂപ(255000-187500) ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1/22.6.17) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവഴിച്ച തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി ഒടുക്കു വരുത്താത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## **3-6** <u>ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ– **656273/-** രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല</u>

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലുൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനായി ഹോംകോ, ഔഷധി എന്നീ സ്ഥാപനങ്ങളിൽ തുക മുൻകൂറായി നിക്ഷേപിച്ചെങ്കിലും മരുന്നുകൾ ഓഡിറ്റ് കാലയളവിലും പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരം | നിക്ഷേപിച്ച തുക, സ്ഥാപനം | ബിൽ നം/ തീയതി | ലഭിച്ച മരുന്നുകളുടെ വില | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|
| ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ(59/17)(MGNR) | 75000/-രൂപ (കേരള ഹോമിയോ-പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) | 8/23-2-17 | ഇല്ല | 75000 |
| ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ(27/17) (MGNR) | 350000/-(ഔഷധി) | 4/6-2-17 | 58083 | 291917 |
| വൃദ്ധജനരോഗചികിത്സയ്ക്കായി ഔഷധം വാങ്ങൽ(61/17) (വികസന ഫണ്ട്) | 200000/-(ഔഷധി) | 2/6-2-17 | 32307 | 167693 |
| ആയുർവേദ ആശുപത്രിയിലേക്ക് | 200000/-(ഔഷധി) | 7/23-2-17 | 78337 | 121663 |

| | | | | |
|---|---|---|---|---|
| മരുന്നുവാങ്ങൽ(122/17)<br>(MGNR) | | | | |
| | | | ആകെ | 656273 |

ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 656273/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകൾ ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 ക്ഷീര കർഷകർക്ക് സബ്സിഡി -പാൽ അളക്കാത്ത കാലയളവിലും നല്കി- 8964/-രൂപ നിരാകരിക്കുന്നു

നിർവ്വഹണോദ്യോഗസ്ഥ – ഡയറി ഫാം ഇൻസ്ട്രക്റ്റർ

പദ്ധതി നം. - 026/17

അടങ്കൽ തുക – 325000/-രൂപ

വികസന ഫണ്ട്(ജനറൽ) – 200000/-രൂപ

ബ്ലോക്ക് വിഹിതം – 125000/-രൂപ

ചെലവഴിച്ച തുക -325000/-രൂപ

(ബിൽ നം 1/7-3-17- 200000/-രൂപ ,

ചെക്ക് നം. 311122/28-3-17 – 125000/-രൂപ)

ക്ഷീര കർഷകർക്ക് ക്ഷീര സംഘം മുഖേന അളക്കുന്ന പാലിന് ലിറ്ററിന് 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിന് വേണ്ടിയുള്ള മേൽ പദ്ധതി പരിശോധിച്ചതിൽ പദ്ധതി പ്രകാരമുള്ള സബ്സിഡി തുക കണ്ണാടംകാണി ക്ഷീര സംഘം മുഖേന വിതരണം ചെയ്തതായി കണ്ടു. തുക വിതരണ സ്റ്റേറ്റ്മെന്റ്, ക്ഷീര സംഘങ്ങളിലെ രജിസ്റ്ററുകൾ (കണ്ണാടംകാണി ക്ഷീര സംഘം, കൊടുവിള ക്ഷീര സംഘം, അരിനല്ലൂർ ക്ഷീര സംഘം എന്നിവയുടെ) എന്നിവ നിർവ്വഹണോദ്യോഗസ്ഥയുടെ സാന്നിദ്ധ്യത്തിൽ ഒത്ത് നോക്കിയതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് പാൽ അളക്കാത്ത കാലയളവിലും സബ്സിഡി നല്കിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | നല്കിയ പാലിന്റെ അളവ്/പാൽ അളക്കാൻ തുടങ്ങിയ കാലയളവ് | സബ്സിഡി നല്കിയ പാലിന്റെ അളവ്/പാൽ അളക്കാൻ തുടങ്ങിയ കാലയളവ് | അധികമായി സബ്സിഡി നല്കിയ പാലിന്റെ അളവ്/തുക |
|---|---|---|---|
| വിശ്വംഭരൻ, പൂപ്പാണി | 462 L/23-9-16 | 1015 L/4/16 to 11/16 | 553 X 3=1659 |

| | | | |
|---|---|---|---|
| കിഴക്കതിൽ | | | |
| സൗദമ്മ, വടക്കതിൽ വീട് | 1141 L/7-7-16 | 1570 L/4/16 to 11/16 | 429X3= 1287 |
| ശിവപ്രകാശ്, വടക്കതിൽ | 740 L/18-6-16 | 1138 L/4/16 to 11/16 | 398X3=1194 |
| ശ്യാമളാദേവി, വടക്കേ മുണ്ടൻതറ. | 2534 L/26-5-16 | 2744 L/4/16 to 11/16 | 210X3= 630 |
| സജീവൻ, സജന വിലാസം | 1198 L/20-5-16 | 1288 L/4/16 to 11/16 | 90 X3=270 |
| രാജൻ, മുല്ലശ്ശേരിൽ | 2430 L/4-6-16 | 2474 L/4/16 to 11/16 | 44X3=132 |
| ഉഷ, ദീപ്തി ഭവനം | 300 L/12-8-16 | 600 L/4/16 to 11/16 | 300X3=900 |
| റജീന, പരമു വിലാസം | 1257 L/22-7-16 | 1642 L/4/16 to 11/16 | 385X3=1155 |
| കുഞ്ഞിരാമൻ, പുത്തൻ കണ്ടത്തിൽ | ഒരു ക്ഷീര സംഘത്തിലും പാൽ അളന്നിട്ടില്ല | 579 L/4/16 to 11/16 | 579X3=1737 |
| | | ആകെ | 8964 |

മേൽ വിഷയം ചൂണ്ടിക്കാണിച്ച കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (5/27-6-17)ലഭ്യമാക്കിയിട്ടില്ല. അധികമായി സബ്സിഡി കൈപ്പറ്റിയവരിൽ നിന്നും തുക തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 3-8 കന്നുകുട്ടി പരിപാലനം പദ്ധതി - വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം – എസ്.ഒ.030/17

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി വിഹിതം
വികസനഫണ്ട് (ജനറൽ ) - 200000/-രൂപ

സംസ്ഥാന വിഹിതം - 200000/-രൂപ

ചെലവഴിച്ച തുക - 200000/-രൂപ
ബിൽ നം. - 2/20-2-17

മേൽ പദ്ധതി പ്രകാരം 32 ഗുണഭോക്താക്കൾക്ക് കന്നുകുട്ടി ഒന്നിന് 6250/- രൂപ സബ്സിഡി നിരക്കിൽ(പഞ്ചായത്ത് വിഹിതം )200000/-രൂപ കാഫ് ഫീഡ് അസിസ്റ്റന്റ് പേർക്ക് നല്കിയിരുന്നെങ്കിലും കന്നുകുട്ടികളെ എൻറോൾ ചെയ്തതിന്റെയോ തുക വിനിയോഗിച്ചതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 200000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല

ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ തുകകൾ തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര്/പ്രോജക്റ്റ് നം | നിർവ്വഹണോദ്യോഗസ്ഥൻ | തടസ്സപ്പെടുത്തുന്ന തുക | തടസ്സത്തിന് കാരണം |
|---|---|---|---|---|
| 1 | വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ (0133/17) വികസന ഫണ്ട്(ജനറൽ) | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 280000 | ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 2 | എസ്.എസ്.എ. വിഹിതം(016/17) വികസന ഫണ്ട്(ജനറൽ) | സെക്രട്ടറി | 309567 | പഞ്ചായത്തിന്റെ ചുമതയിലുള്ള ഏതൊക്കെ സ്കൂളുകളിൽ ഏത് ആവശ്യങ്ങൾക്ക് തുക വിനിയോഗിച്ചു എന്നതിന്റെ ഇനം തിരിച്ചുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല |
| 3 | ഐ.കെ.എമ്മിന് വിഹിതം നല്കൽ (എസ്.ഒ 37/17) | സെക്രട്ടറി | 25233 | തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | വികസന ഫണ്ട്(ജനറൽ) | | | |
| 4 | അംഗനവാടി മെയിന്റനൻസ് (68,71) ഡെപ്പോസിറ്റ് വർക്ക്. (പി.ഡബ്ല്യൂ.ഡി.)<br>0148/17<br>വികസന ഫണ്ട്(ജനറൽ)74490/-രൂ<br>തനത്ഫണ്ട് 5510/-രൂപ | സെക്രട്ടറി | 80000 | ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 5 | പേഴുംതുരുത്ത് വാർഡിൽ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ.131/17വികസന ഫണ്ട്(ജനറൽ)-60000/-<br>വികസന ഫണ്ട്(cfc)-21000/- | സെക്രട്ടറി | 80363 | തുകയുടെ കൈപ്പറ്റ് വിവരം ,വിനിയോഗരേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല |
| 6 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ(132/17) ഡെപ്പോസിറ്റ് വർക്ക്. (കെ.എസ്.ഇ.ബി.)<br>വികസന ഫണ്ട് (ജനറൽ) 578733/- രൂപ<br>വികസന ഫണ്ട് (cfc)-71267/-രൂ<br>തനത് ഫണ്ട് -400/-രൂപ | സെക്രട്ടറി | 650400 | വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല |

## 3-10 കിടാരി വളർത്തൽ പദ്ധതി-കിടാരികളെ ഇൻഷ്വർ ചെയ്തതിന്റെ പോളിസികൾ ലഭ്യമാക്കിയിട്ടില്ല

വെറ്ററനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ കിടാരി വളർത്തൽ പദ്ധതിയിൽ(പ്രോജക്ട് നം. 141/17, വികസന ഫണ്ട് എസ്.സി.പി-105000/-രൂപ, തനത് -3000/-രൂപ ഗുണഭോക്തൃ വിഹിതം 54000/-രൂപ), 9 ഗർഭിണി കിടാരികളെ (18 മാസത്തിലധികം പ്രായമുള്ളവ) വാങ്ങുന്നതിന് 12000/-രൂപ നിരക്കിൽ 108000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ ഇൻഷ്വറൻസ് പോളിസികൾ ഹാജരാക്കാത്തതിനാൽ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ പേരിൽ തന്നെയാണോ കിടാരികളെ ഇൻഷ്വർ ചെയ്തിട്ടുള്ളതെന്നും കിടാരികളുടെ പ്രായം, എന്നിവയും

പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച 108000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

**3-11** റെഡിമെയ്ഡ് ബയോടോയിലറ്റ് നിർമ്മാണം -പദ്ധതി വിലയിരുത്തൽ

ഗ്രാമ പഞ്ചായത്തിൽ so25/17(SC) (അടങ്കൽ 2105600/-രൂപ), s067/17(gen) (അടങ്കൽ 14026300/-രൂപ) എന്നീ രണ്ട് ടോയിലറ്റ് നിർമ്മാണ പദ്ധതികൾ വഴി 142 സാധാരണ ടോയിലറ്റുകളും (@ 15400/-രൂപ) 206 ബയോടോയിലറ്റുകളും (@ 57900/-രൂപ) 2016-17 കാലയളവിൽ നിർമ്മിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പഞ്ചായത്തിലെ വേലിയേറ്റ വേലിയിറക്ക പ്രശ്നബാധിതരും പരമ്പരാഗത കക്കൂസ് നിർമ്മാണം അപ്രായോഗികവുമായ മേഖലയിലെ 221 ഗുണഭോക്താക്കൾക്ക് പ്രത്യേകം രൂപകൽപന ചെയ്ത റെഡിമെയ്ഡ് ബയോടോയിലറ്റ് നിർമ്മിച്ച് നല്കേണ്ടതിന്റെ അനിവാര്യമായ സാഹചര്യം ഉണ്ടെന്ന് ശുചിത്വമിഷൻ ഡയറക്ടറെ അറിയിച്ചിരുന്നു. ജില്ലാഭരണ കൂടത്തിന്റെയും ശുചിത്വ മിഷന്റെയും നിരന്തര സമ്മർദ്ദത്തെയും കട്ടുംപിടിത്തത്തെയും തുടർന്ന്(2016 നവംബർ 1 ന് കേരളം ODF ആയി പ്രഖ്യാപിക്കുന്നതിന് വേണ്ടി) ഗ്രാമ പഞ്ചായത്ത് പ്രസ്തുത രീതിയിലുള്ള ടോയി ലറ്റ് അടിയന്തിരമായി നിർമിക്കുന്നതിന് നിർബന്ധിതമാവുകയും, പ്രസ്തുത ടോയിലറ്റ് നിർമ്മിക്കുന്നതിന് ജില്ലാ ശുചിത്വ മിഷൻ ശുപാർശ ചെയ്തതിൻ പ്രകാരം കോഴിക്കോട് റാം ബയോളജിക്കൽസ് എന്ന സ്ഥാപനത്തെ (യൂണിറ്റ് കോസ്റ്റ് 63100/-രൂ. നിരക്കിൽ) നിർവ്വഹണ ഏജൻസിയാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം ശുചിത്വ മിഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 4-10-16-ലെ 2836/A/2015/SM നം. നടപടി പ്രകാരം (നടപടിക്രമം 2) കോഴിക്കോട് റാം ബയോളജിക്കൽസ് എന്ന സ്ഥാപനം മുഖേന 221 ടോയിലറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്(ടി സ്ഥാപനവുമായി പഞ്ചായത്ത് നെഗോഷ്യേറ്റ് ചെയ്ത് യൂണിറ്റ് കോസ്റ്റ് 57900/-രൂപ (44900/-രൂപ(super structure & septic tank ) +13000/-രൂപ (for platform))ആക്കിയിട്ടുണ്ട്). മേൽ നടപടിക്രമത്തിൽ യൂണിറ്റ് കോസ്റ്റ് തുക, കൈമാറുന്ന രീതി (തുക നിർവ്വഹണ ഏജൻസിയുടെ അക്കൗണ്ടിലേക്ക് നല്കുന്നത്) എന്നിവയ്ക്ക് ശുചിത്വ മിഷൻ സർക്കാർ സാധൂകരണം ലഭ്യമാക്കി നല്കുന്നതാണെന്നും പദ്ധതി നിർവ്വഹണ ഘട്ടങ്ങൾ ഗ്രാമ പഞ്ചായത്ത് കൃത്യമായി ഡോക്യുമെന്റ് ചെയ്ത്(ഫോട്ടോ/വീഡിയോ അടക്കം) ഫയലിൽ സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്(സർക്കാർ മാർഗ്ഗരേഖ പ്രകാരം ടോയിലറ്റ് നിർമ്മാണത്തിന് നല്കാവുന്ന യൂണിറ്റ് കോസ്റ്റ് 15400/-രൂപയും). നിർമ്മാണത്തിന് ചെലവാകുന്ന ടി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നല്കുകയുമാണ് ചെയ്യുന്നത്).

2016-17 കാലയളവിൽ 206 റെഡിമെയ്ഡ് ബയോടോയിലറ്റുകൾ (സൂപ്പർ സ്ട്രക്ചർ, സെപ്റ്റിക് ടാങ്ക്) സപ്ലൈ ചെയ്തതയിനത്തിൽ 7985000/-രൂപ റാം ബയോളജിക്കൽസിന്

നല്കിയിട്ടുണ്ട്.

മേൽ പദ്ധതിയുടെ വിലയിരുത്തലുകൾ ചുവടെ ചേർക്കുന്നു.

1.ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ശുചിത്വ മിഷൻ ശുപാർശ ചെയ്ത രണ്ട് സ്ഥാപനങ്ങളുമായി മാത്രം കൂടിക്കാഴ്ച നടത്തി അതിലൊന്നായ റാം ബയോളജിക്കൽസിനെ തെരഞ്ഞെടുത്തിരിക്കുന്നത്.

2. കേരളത്തിലെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൊന്നും നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതി ആയതിനാൽ ഇതിന്റെ പ്രവർത്തനങ്ങളോ ഗുണമേന്മകളോ പോരായ്മകളോ ഒന്നും തന്നെ ഇതു വരെ വിലയിരുത്തപ്പെട്ടിട്ടില്ല. നിലവിൽ റെഡിമെയ്ഡ് ബയോടോയിലറ്റുകൾ സ്ഥാപിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. അതിനാൽ ടോയിലറ്റ് ഉപയോഗിച്ച് ഒരു വർഷമെങ്കിലും പൂർത്തിയാക്കിയതിന് ശേഷം മാത്രമേ പ്രവർത്തനം വിലയിരുത്തുവാൻ സാധിക്കുകയുള്ളൂ.

റാം ബയോളജിക്കലുമായുള്ള എഗ്രിമെന്റ് പ്രകാരം ഒരു വർഷത്തെ സർവ്വീസ് വാറന്റിയാണുള്ളത്. നിലവിൽ ഭൂരിഭാഗം ടോയിലറ്റുകളും ഉപയോഗിച്ച് തുടങ്ങിയിട്ടില്ലാത്ത-തിനാൽ സർവീസ് വാറന്റി പ്രയോജനപ്പെടുന്നില്ല.

3. സെപ്റ്റിക് ടാങ്ക്, സൂപ്പർ സ്ട്രക്ചർ എന്നിവയ്ക്ക് 44900/-രൂപ എന്ന നിരക്കിലും പ്ലാറ്റ്ഫോം നിർമ്മാണത്തിന് 13000/-രൂപ എന്ന നിരക്കിലുമാണ് യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിരിക്കുന്നത്. പ്ലാറ്റ്ഫോം നിർമ്മാണ ചെലവ് തുക LSGD എഞ്ചിനീയറുടെ വാല്വേഷൻ പ്രകാരം ക്രമപ്പെടുത്തിയതനുസരിച്ച് മാത്രം നിർവ്വഹണ ഏജൻസിക്ക് കൈമാറേണ്ടതാണ്.

4. യൂണിറ്റ് കോസ്റ്റ് സംബന്ധിച്ചും തുക കൈമാറുന്ന രീതി സംബന്ധിച്ചും സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

5. ശരിയായ രീതിയിൽ പരിപാലിച്ചില്ലെങ്കിൽ പദ്ധതി പരാജയപ്പെടാൻ സാധ്യതയുള്ളതിനാൽ ടോയിലറ്റിന്റെ പ്രവർത്തനങ്ങൾ, പരിപാലന രീതി എന്നിവ സംബന്ധിച്ച് ഉപയോക്താക്കൾക്ക് ശരിയായ ബോധവൽക്കരണം നടത്തേണ്ടതാണ്. നല്ല രീതിയിൽ പ്രവർത്തന ക്ഷമമാകുന്ന പക്ഷം സമാന ഭൗതിക പാരിസ്ഥിതിക സാഹചര്യങ്ങളുള്ള മറ്റ് LSG കളിലും ഇത്തരത്തിലുള്ള ടോയിലറ്റ് നിർമ്മാണം പ്രായോഗികമാക്കാവുന്നതാണ്.

6. ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ള 2-6-17 ലെ വി.ഇ.ഒ യുടെ റിപ്പോർട്ടിൽ 206 എണ്ണം സ്ഥാപിച്ചിട്ടുള്ളതിൽ ഭൂരിഭാഗത്തിനും സോക്ക്പിറ്റ് സ്ഥാപിച്ചില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നും ടോയിലറ്റുകളിൽ ഭൂരിഭാഗവും ഉപയോഗിക്കാൻ തുടങ്ങിയില്ല എന്നാണ് വ്യക്തമാകുന്നത്.

മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതും സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്.

സ്ഥല പരിശോധനാറിപ്പോർട്ട്

മേൽ പദ്ധതിയുടെ സ്ഥല പരിശോധനയ്ക്കായി 10, 12, 2 എന്നീ വാർഡുകളിലെ ആറ് ബയോടോയിലറ്റുകൾ വി.ഇ.ഒ, എൽ.എസ്സ്.ജി.ഡി. ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചു. സോക്ക് പിറ്റുകളുടെ സ്ളാബ് നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ഇവ ഒന്നും പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. ടാങ്കിൽ ശുദ്ധ ജലം മാത്രമെ നിറയ്ക്കാവൂ എന്ന കർശന നിർദേശം ഉപയോക്താക്കൾ പാലിക്കാത്ത സാഹചര്യവും ബോധ്യപ്പെട്ടു. ബയോ സംവിധാനത്തിന്റെ പ്രവർത്തനം തടസ്സപ്പെടുന്നതിന് ഇത് ഇടയാക്കും. ഉപയോഗക്രമംസംബന്ധിച്ച് ഉപയോക്താക്കൾക്ക് കൃത്യമായ മാർഗനിർദേശം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്.

## 3-12 പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല.കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്ക് വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഉൾപ്പെടുന്ന പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

## 3-13 ദേശീയ തൊഴിലുറപ്പ് പദ്ധതി

2016-17 സാമ്പത്തിക വർഷത്തിൽ 1124 കുടുംബങ്ങൾക്കായി 45786 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 44 കുടുംബങ്ങൾ 100 ദിനങ്ങൾ പൂർത്തിയാക്കി. ആകെ 6674490/-രൂപയുടെ ചെലവ് മൂന്ന് മേഖലകളിലെ പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്.

ഭൂവികസനം - – 37

ഐ.എ.വൈ ഭവന നിർമ്മാണം - 2

വെള്ളപ്പൊക്ക പ്രതിരോധം -27

<u>കൃഷിയുള്ള എസ്റ്റിമേറ്റിലെ അപാകത മൂലം തൊഴിലാളികൾക്ക് അധിക വേതനം നൽകി</u>

പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 2-ാം ഇനം – കട്ടപ്പമുള്ള മണ്ണ് കിളച്ച് കൃഷി യോഗ്യമാക്കുന്നതിന് 1050.40/100 m2 രൂപ നിരക്കിലാണ് തുക അനുവദിച്ചത്.

Secure 2.29.1 ഡേറ്റയുടെ അടിസ്ഥാനത്തിൽ beldar ന് 2.75 man days -240/-രൂപ നിരക്കിൽ -660/-രൂപ + bhisti യ്ക്ക് 0.5man days ന് 760/-രൂപ നിരക്കിൽ 380/-രൂപ ചേർത്ത് 1040 രൂപയും, 1% water charges ഉം ചേർത്താണ് 1050.40/100 m2 തിട്ടപ്പെടുത്തി അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം തുക അനുവദിച്ചിട്ടുള്ളത്.

ഇതിൽ bhishti semi skilled വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. unskilled ഇനത്തിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ നിലവിലുള്ള പ്രതിദിന കൂലിയായ 240/-രൂപയുടെ അടിസ്ഥാനത്തിൽ ശരിയായ നിരക്ക് 787.80/100m2 രൂപയാണ്. ഈ പിശക് മൂലം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ മണ്ണ് കിളയ്ക്കൽ പ്രവൃത്തികളിൽ ഗണ്യമായ തുക അധിക വേതനമായി തോഴിലാളികൾക്ക് നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

വാർഡ് 1- കിടപ്രം വടക്ക്-കട്ടപ്പമുള്ള മണ്ണ് കിളച്ച് കൃഷിയോഗ്യമാക്കുന്നതിന്-

ഇനം 2- 300 സെന്റ് x 40.47 m2 – 12,141 m2 (estimate)

( 1050.40/100 m2- 1,27,529/രൂപ

മൂല്യനിർണ്ണയം – 12,128.97m2 x 1050.40/100 m2 -1,27,402.70 രൂപ

<u>അനുവദിക്കാവുന്നത് :</u> 12,128.97 m2x 787.80/100 m2- 95,552.02

അധികം അനുവദിച്ച വേതനം : 31850.68 രൂപ

ഇപ്രകാരം എല്ലാ കിളയ്ക്കൽ പ്രവൃത്തികളിലും അധിക വേതനം അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് രൂപീകരിച്ച എൻ.ആർ.ഇ.ജി.എസ് ഓവർസീയർ, പരിശോധിച്ച് അംഗീകരിച്ച എൽ.എസ്.ജി.ഡി ഓവർസീയർ/എൻജിനീയർ എന്നിവർ മതിയായ പരിശോധനയൊ ജാഗ്രതയൊ പുലർത്തിയിട്ടില്ല. തീയതി രേഖപ്പെടുത്താതെ രേഖകളിൽ സാക്ഷ്യപ്പെടുത്തൽ നടത്തിവരുന്നതും ആശാസ്യകരമല്ല. സമാന പ്രവൃത്തികൾ പരിശോധിച്ച് അധികമായി അനുവദിച്ച വേതനം തിട്ടപ്പെടുത്തി, തുക കൈപ്പറ്റിയ തൊഴിലാളികളിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

<u>മറ്റ് അപാകതകൾ</u>

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

2.പ്രവൃത്തികൾ നടപ്പിലാക്കിയ ഭൂമിയുടെ കരം അടച്ച രസീതുകൾ എല്ലാം ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

4.വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

5.പ്രവൃത്തിയുടെ ഫോട്ടോകൾ പരിമിതമായതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും,

പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല.

6.ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിയ്ക്കുന്നില്ല.

7.പ്രവൃത്തികൾ നടപ്പിലാക്കിയ ഭൂമിയിൽ നിലവിലുള്ള വീട് ഉൾപ്പെടെയുള്ള സ്ഥിരം നിർമ്മിതികൾ/വൃക്ഷങ്ങൾ എന്നിവ കഴിച്ചുള്ള കൃഷി യോഗ്യമായ ഭൂമിയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല.

മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 തെരുവ് വിളക്ക് വൈദ്യുത ചാർജ്-മീറ്ററിംഗ് സംവിധാനം ഭാഗികമായി നടപ്പിലാക്കി

2012-13-ൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് 249992/-രൂപ പദ്ധതി വിഹിതത്തിൽ നിന്നും കെ.എസ്സ്.ഇ.ബി യ്ക്ക് നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സ്ട്രീറ്റ് മെയിൻ ബോക്സ് ഉള്ള പ്രദേശങ്ങളിൽ 19 മീറ്റർ ബോക്സുകൾ സ്ഥാപിക്കുകയും ചെയ്തു. മീറ്ററുകൾ സ്ഥാപിക്കുകവഴി വൈദ്യുത ചാർജ് ഇനത്തിൽ 60% ൽ അധികം കുറവ് വന്നിട്ടുണ്ട്. ഇപ്പോൾ മീറ്റർ സ്ഥാപിച്ചതിന്റെ 19 ബില്ലുകളും മീറ്റർ സ്ഥാപിക്കാത്തതിന്റെ ഒരു ബില്ലും കെ.എസ്സ്.ഇ.ബി യിൽ നിന്നും ലഭിക്കുന്നുണ്ട്. 26193/-രൂപ പ്രതിമാസം അടച്ചിരുന്നത് ഏകദേശം 11000/-രൂപയായി കുറഞ്ഞിട്ടുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ഉണ്ടായിരുന്ന അധിക ബാധ്യത ഒഴിവാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. എങ്കിലും സ്ട്രീറ്റ് മെയിൻ സംവിധാനം ഇല്ലാത്ത പ്രദേശങ്ങളിൽ മീറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ല. ഈ പ്രദേശങ്ങളിലെ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. മീറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിലെ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്സ്.ഇ.ബി നൽകിയ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | വാട്ട്സ് | നിരക്ക് |
|---|---|---|---|
| ഡബിൾ ട്യൂബ് സെറ്റ് | 5 | 80W | 134രൂപ |
| സിംഗിൾട്യൂബ് സെറ്റ് | 11 | 40W | 66രൂപ |
| ബൾബ് | 33 | 40W | 66രൂപ |
| സി.എഫ്.എൽ | 31 | 22W | 31രൂപ |

ഇപ്പോൾ നിലവിലില്ലാത്ത സാധാരണ ബൾബിന്റെ വൈദ്യുതി ചാർജും കെ.എസ്സ്.ഇ.ബി നൽകിയ കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇത് അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ എത്രയും വേഗം സംയുക്ത പരിശോധന നടത്തി കണക്കുകൾ കൃത്യമാക്കുന്നതിനും ഈ പ്രദേശങ്ങളിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) –കെ.എം.സി.-എൽ.-ൽ നിന്നും മരുന്ന് ലഭിച്ചില്ല-50,000/-രൂപ തടസ്സപ്പെട്ടുത്തുന്നു

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി 50,000/-രൂപ നൽകിയെങ്കിലും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ടിന്റെ പേര് & നം. : സഞ്ജീവനി ഹോം കെയർ പദ്ധതി(49/17)

ബ്ലോക്ക് വിഹിതം: 75,000/-രൂപ

ചെലവ് : 50,000/-രൂപ

ബിൽ നം. 6/17/30.3.2017

കെ.എം.സി.എൽ. പ്രൊഫോർമ നം. 2256/07.02.17

മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ഇ.എം.എസ് ഭവന പദ്ധതി - ലോൺ തിരിച്ചടവ് - കണക്കുകളിൽ വൈരുദ്ധ്യം

കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ചിറ്റുമല ബ്രാഞ്ചിൽ നിന്നും ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി 69,00,000/-രൂപ വായ്പ എടുത്തു. വായ്പ തിരിച്ചടവ് വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പ്രകാരം 780299/-രൂപയാണ് സാമ്പത്തിക വർഷാവസാനം തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന മുതൽ തുക. വാർഷിക കണക്കുകളിലും മേൽ തുകയാണ് നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്. എന്നാൽ ലോൺ അക്കൗണ്ട് പാസ്ബുക്ക് പ്രകാരം 1489431/- രൂപയാണ് ഒടുക്കുവാൻ ശേഷിക്കുന്ന തുക. 31-03-2017 വരെ തിരികെ ഒടുക്കുവാൻ ശേഷിക്കുന്ന തുകയോടൊപ്പം(780299/-രൂപ), ആയതുവരെ പലിശ ഇനത്തിൽ ഒടുക്കുവാനവശേഷിച്ച തുക (709132/-രൂപ) കൂടി ഉൾപ്പെടുത്തി തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന മുതൽ കണക്കാക്കിയതിനാലാണ് ഇത്തരത്തിൽ വ്യത്യാസം ഉണ്ടായിട്ടുള്ളത്. കണക്കുകളിലെ വ്യത്യാസം പരിഹരിച്ച് സംസ്ഥാന സർക്കാരിന് അധിക ബാദ്ധ്യതയുണ്ടാകാനിടയാകുന്നത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 സഞ്ജീവനി ഹോം കെയർ പ്രോജക്ട്- സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ ഗുരുതരമായ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., മൺഡ്രോത്തുരുത്ത്

പ്രോജക്ട് നം. 49/16-17

അടങ്കൽ തുക - 390000/- രൂപ

പൊതുവിഭാഗം - 315000/-രൂപ

ബ്ലോക്ക് വിഹിതം - 75000/-രൂപ

ചെലവ് തുക - 375400/-രൂപ

പൊതുവിഭാഗം - 315000/-രൂപ

ബ്ലോക്ക് വിഹിതം - 60400/- രൂപ

2016-17 സാമ്പത്തിക വർഷത്തിൽ സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട രേഖകൾ

പരിശോധിച്ചതിൽ ഗുരുതരമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

1.അന്തരിച്ച പാലിയേറ്റീവ് കെയർ രോഗിയ്ക്ക് പരിചരണം നൽകിയതായി രേഖകൾ ചമച്ചു

കമ്മ്യൂണിറ്റി നഴ്സ് ശ്രീമതി.പ്രീത.എസ് ഹാജരാക്കിയ ഹോം കെയർ രജിസ്റ്ററിൽ 03.01.2017-ന് മരണപ്പെട്ട (ഗ്രാമ പഞ്ചായത്ത് രജിസ്ട്രേഷൻ രേഖ പ്രകാരം) ശ്രീ.കെ.ഗോപാലകൃഷ്ണൻ, ശ്രീകൃഷ്ണ ഭവനം, പേഴംതുരുത്ത്, പെരുമൺ എന്ന വ്യക്തിയെ 07.02.17, 07.03.17 എന്നീ തീയതികളിൽ ഹോം കെയർ ടീം സന്ദർശിച്ച് ബി.പി. ഉൾപ്പെടെയുള്ള പരിശോധനകൾ നടത്തിയതായി ഒപ്പ് സഹിതം രേഖപ്പെടുത്തി. ഇത് കൂടാതെ രജിസ്റ്ററിൽ വ്യാപകമായ തിരുത്തലുകൾ വരുത്തുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ ഓഫീസർ പ്രസ്തുത ദിവസങ്ങളിൽ രജിസ്റ്ററിലെ തിരുത്തലുകൾ ഒഴികെയുള്ളവ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2.സർക്കാർ നിശ്ചയിച്ച നിരക്കിലധികരിച്ച് ഭക്ഷണ ചെലവ് അനുവദിച്ചു-അംഗീകരിക്കാത്ത തുക - 2,870/-രൂപ

ഹോം കെയറിനു പോകുന്ന ടീമിന് അനുവദിക്കുന്ന ഭക്ഷണ ചെലവിനായുള്ള തുക 30.06.16 വരെ പ്രതിദിനം 180/- രൂപ മാത്രമായിരിക്കെ(സ.ഉ.(സാ.ധാ)നം.3217/15 ത.സ്വ.ഭ.വ/29.10.15) 01.4.16 മുതൽ 30.6.16 വരെ വിവിധ തീയതികളിൽ നടത്തിയ യാത്രകൾക്ക് 250/-രൂപ വീതം അംഗീകരിച്ച് അനർഹമായി 2,870/-രൂപ(70/-രൂപ x 41 ദിവസം) അനുവദിച്ചിരിക്കുന്നു. ഭക്ഷണത്തിനായി തുക കൈപ്പറ്റിയ അനശ്വര കുടുംബശ്രീ യൂണിറ്റ് കൺട്ടാംകാണി, പൂർണ്ണിമ കുടുംബശ്രീ യൂണിറ്റ്, മൺട്രോത്തുരുത്ത് (10/16 മുതൽ 3/17 വരെ) എന്നിവരുടെ ബില്ലിനു പകരം വെള്ള പേപ്പറിൽ സീൽ പതിച്ച കൈപ്പറ്റ് രസീതുകളാണ് ഹാജരാക്കിയിട്ടുള്ളത്. പൂർണ്ണിമ കുടുംബശ്രീ യൂണിറ്റ്, മൺട്രൊത്തുരുത്ത് –ന്റെ സെക്രട്ടറി ശ്രീമതി.സുജിത ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ് എന്നിവർക്ക് 22.06.17 -ന് നൽകിയ കത്തിൽ തുക കൈപ്പറ്റുകയോ, ഭക്ഷണം നൽകുകയോ ചെയ്തിട്ടില്ലെന്നും പാലിയേറ്റീവ് നഴ്സ് ശ്രീമതി.പ്രീതാ.എസ്. നൽകിയ രേഖകളിൽ ഒപ്പ് വയ്ക്കുക മാത്രമാണ് ചെയ്തതെന്നും ബോധിപ്പിക്കുന്നു. കൂടാതെ ആശാ വർക്കർമാർക്ക് ഈ ഇനത്തിൽ തുക ലഭിച്ചിട്ടില്ലെന്നും രേഖപ്പെടുത്തിയതായി കാണുന്നു. അതിനാൽ ഭക്ഷണ ഇനത്തിലെ വൗച്ചറുകളുടെ ആധികാരികത ബോധ്യപ്പെടുന്നില്ല.

3.സ്വകാര്യ വാഹനം പാലിയേറ്റീവ് കെയറിന് വാടകയ്ക്ക് നൽകി

തൻ വർഷം ഹോം കെയർ ടീം വാടകയ്ക്ക് ഉപയോഗിച്ച കാറിന്റെ ട്രിപ്പ് ഷീറ്റ് ആധികാരികമല്ല. ഹാജരാക്കിയ ട്രിപ്പ് ഷീറ്റിന്റെ പകർപ്പിൽ സീരിയൽ നംപർ പതിപ്പിച്ചിട്ടില്ല. കൂടാതെ വാടകയ്ക്ക് എടുത്ത സ്വകാര്യ കാർ KL-2 –AQ- 3173 – (മോട്ടോർ വാഹന വകുപ്പ് രേഖ ) ടാക്സിയായി ഓടുന്നതിന് നിയമം അനുവദിയ്ക്കുന്നില്ല.

4.രജിസ്റ്ററുകൾ -മെഡിക്കൽ ഓഫീസർ പരിശോധിക്കുന്നില്ല

പാലിയേറ്റിവ് നഴ്സ് ഹാജരാക്കിയ ഒ.പി. രജിസ്റ്റർ, പാലിയേറ്റിവ് രോഗികളുടെ ഫോളൊ അപ്പ് രജിസ്റ്റർ, നോമിനൽ രജിസ്റ്റർ എന്നിവയിൽ മെഡിക്കൽ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

5. പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി കാര്യക്ഷമമല്ല

കമ്യൂണിറ്റി നഴ്സ് ശ്രീമതി പ്രീത എസ്. ഹാജരാക്കിയ പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി മിനിട്ട്സ് പ്രകാരം 15.06.16, 28.12.16 എന്നീ തീയതികളിൽ രണ്ട് തവണ മാത്രമാണ് തൻ വർഷം യോഗം കൂടിയിട്ടുള്ളത്. സർക്കാർ നിർദ്ദേശ പ്രകാരം, രണ്ട് മാസത്തിൽ ഒരിക്കലോ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം കൂടി, പാലിയേറ്റിവ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ മാനേജ്മെന്റ് കമ്മിറ്റി നൽകിയിട്ടില്ല.

6. പാലിയേറ്റിവ് പരിചരണത്തിന്റെ പ്രതിമാസ അവലോകനം – രേഖകൾ അപര്യാപ്തം

പാലിയേറ്റിവ് പരിചരണത്തിന്റെ പ്രതിമാസ അവലോകന യോഗ ചെലവുകൾക്കായി തൻ വർഷം വിവിധ തീയതികളിലെ വൗച്ചറുകൾ മുഖേന 5,500/- രൂപ അനുവദിച്ചിട്ടുണ്ട്(500 രൂപ x 11 ). എന്നാൽ ഹാജരാക്കിയ മിനിട്ട്സ് ബുക്കിൽ പാലിയേറ്റിവ് നഴ്സ്, ജെ.എച്ച്.ഐ, ആശാ വർക്കർമാർ എന്നിവരും ആറ് യോഗങ്ങളിൽ മെഡിക്കൽ ഓഫീസറും മാത്രമാണ് മിനിട്ട്സിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ട്, വരവ് ചെലവ് കണക്ക് എന്നിവ മെഡിക്കൽ ഓഫീസർ യോഗങ്ങളിൽ അവതരിപ്പിച്ചതിന് രേഖയില്ല. പാലിയേറ്റിവ് കെയർ നിർവ്വഹണ കമ്മിറ്റിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപെഴ്സൺ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപെഴ്സൺ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപെഴ്സൺ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ മെമ്പർമാർ ആയിരിക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. (സർക്കാർ ഉത്തരവ് (സാധാ)നം.3217/2015/ത.സ്വ.ഭ.വ/29.10.15 ).

പാലിയേറ്റിവ് കെയർ നെഴ്സിന്റെ പ്രവർത്തനം വിലയിരുത്തിയ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ശ്രീമതി പ്രീത എസിന്റെ കരാർ പുതുക്കിനൽകിയിട്ടില്ല. പുതിയ നെഴ്സിന്റെ നിയമന പ്രക്രീയയ്ക്ക് എതിരെ ടിയാൾ കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയതിനാൽ നിയമന നടപടികൾ തടസ്സപ്പെട്ട സാഹചര്യമാണ് നിലവിലുള്ളത്. മേൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഗണിച്ച് പാലിയേറ്റിവ് കെയർ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/27.6.2017) മെഡിക്കൽ ഓഫീസർ, 1.07.2017 -ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ചിറ്റൂമല | 2016-17 | സഞ്ജീവനി ഹോംകെയർ | 75000 | 60400 | 14600 |
| ബ്ലോക്ക് പഞ്ചായത്ത് ചിറ്റൂമല | 2016-17 | കക്കൂസ് നിർമ്മാണം (എസ്സ്.സി) | 1400000 | 0 | 1400000 |
| ബ്ലോക്ക് പഞ്ചായത്ത് ചിറ്റൂമല | 2016-17 | കക്കൂസ് നിർമ്മാണം (ജനറൽ) | 2313000 | 0 | 2313000 |
| ബ്ലോക്ക് പഞ്ചായത്ത് ചിറ്റൂമല | 2016-17 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നകുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 11700 | 11700 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ചിറ്റൂമല | 2016-17 | തുമ്പുമുഖം പാറയിൽ മുക്ക് റോഡ് ടാറിംഗ് | 160000 | 160000 | 0 |
| ബ്ലോക്ക് | 2016-17 | അരിനല്ലൂർ കരുമാട്ടയിൽ | 100000 | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് ചിറ്റുമല | | റോഡ് നിർമ്മാണം | | | |
| ബ്ലോക്ക് പഞ്ചായത്ത് ചിറ്റുമല | 2016-17 | പട്ടംതുരുത്ത് അംങ്കണവാടി റോഡ് കോൺക്രീറ്റിംഗ് | 75000 | 0 | 75000 |
| ബ്ലോക്ക് പഞ്ചായത്ത് ചിറ്റുമല | 2016-17 | പട്ടംതുരുത്ത് വെസ്റ്റ് വള്ളക്കടവ് റോഡ് കോൺക്രിറ്റിംഗ് | 150000 | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ചിറ്റുമല | 2016-17 | കാവുത്തയിൽ ആലുംചേരി റോഡ് നിർമ്മാണം | 190000 | 0 | 190000 |
| ബ്ലോക്ക് പഞ്ചായത്ത് ചിറ്റുമല | 2016-17 | പട്ടംതുരുത്ത് ഈസ്റ്റ് പി.ഡബ്ല്യു.ഡി റോഡ് കോൺക്രീറ്റിംഗ് | 100000 | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് ചിറ്റുമല | 2016-17 | ഇട്ടിയക്കടവ് പാലപ്പഴഞ്ഞി റോഡിന്റെ പാർശ്വഭിത്തി നിർമ്മാണം | 187500 | 0 | 187500 |
| ബ്ലോക്ക് പഞ്ചായത്ത് ചിറ്റുമല | 2016-17 | ക്ഷീര സംഘം വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 125000 | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ചിറ്റുമല | 2016-17 | വിജയപുരം കലുങ്ക് നിർമ്മാണം | 187500 | 0 | 187500 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | - | 81000 | | 81000 |
| പ്.ഡബ്ളൂ.ഡി,കെട്ടിട വിഭാഗം | അംഗൻവാടി മെയിന്റനൻസ് | - | 80000 | - | 80000 |
| കെ.എസ്സ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റെൻഷൻ | - | 650334 | - | 650334 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ്. ഭവന പദ്ധതി | 951/2010/ 19.03.2016 ത.സ്വ.ഭ.വ | 4935000 | 913299 | 133000 | - | 780299 |

•

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിന്റെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 31 | 2003-04, 3-2(4-1) | മത്സ്യതൊഴിലാളി ഭവനപദ്ധതി – അനർഹർക്ക് ആനുകൂല്യം അനുവദിച്ചത് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 1998-99, 38 | 2003-04, 3-2(4-2) | സബ്സിഡി – സർക്കാർ ഉത്തരവ് പാലിക്കാത്തത് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 39655342 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 30925633 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 92083 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2439836 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 1527 | ശ്രീ.വിഷ്ണു.ആർ അസ്സിസ്റ്റന്റ് എഞ്ചിനിയർ |

| | | | |
|---|---|---|---|
| | | | |
| 3-3 | | 1222 | ശ്രീ.വിഷ്ണു.ആർ,<br>അസ്സിസ്റ്റന്റ് എഞ്ചിനിയർ |
| 3-4 | | 10000 | ഡോ.ബിന്ദു, വെറ്ററിനറി സർജൻ |
| 3-5 | | 67500 | ഡോ.ബിന്ദു, വെറ്ററിനറി സർജൻ |
| 3-7 | | 8964 | കുമാരി ശ്രീദേവി,<br>ഡയറിഫാം ഇൻസ്ട്രക്ടർ |
| 3-17 | | 2870 | ഡോ.മനോജ് ബി.തോമസ്<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 656273 | ഡോ.രാജി.വിശ്വനാഥ്, ആയുർവേദ മെഡിക്കൽ ഓഫീസർ |
| 3-8 | 200000 | ഡോ.ബിന്ദു, വെറ്ററിനറി സർജൻ |
| 3-9 (1) | 280000 | ശ്രീമതി.ജയശ്രീ.കെ.പി, ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ |
| 3-9 (2)-(6) | 1145563 | ശ്രീ.റ്റി.എഫ്.ജോസഫ്,സെക്രട്ടറി |
| 3-10 | 108000 | ഡോ.ബിന്ദു, വെറ്ററിനറി സർജൻ |

| | | |
|---|---|---|
| 3-15 | 50000 | മനോജ്.ബി.തോമസ്സ്, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ബിന്ദു,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്ത് | ആതിര,എലുമല,<br>പെരിനാട്.പി.ഒ,<br>കൊല്ലം |
| ശ്രീ.വിഷ്ണു.ആർ,<br>അസ്സിസ്റ്റന്റ് എഞ്ചിനിയർ | അസ്സിസ്റ്റന്റ് എഞ്ചിനിയർ,<br>മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്ത് | നന്ദനം,TC-11/665,<br>കൈമനം,<br>തിരുവനന്തപുരം |
| കുമാരി ശ്രീദേവി,<br>ഡയറി ഫാം ഇൻസ്റ്റ്രക്ടർ | ഡയറി ഫാം ഇൻസ്റ്റ്രക്ടർ,<br>കോന്നി ബ്ലോക്ക് പഞ്ചായത്ത് | ലിസി,TC-25/1831,<br>തമ്പാനൂർ,<br>തിരുവനന്തപുരം |
| ശ്രീ.മനോജ്.ബി.തോമസ്,<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി)<br>മൺട്രോത്തുരുത്ത്<br>ഗ്രാമപഞ്ചായത്ത് | അയിരുകുഴി,<br>കരവാളൂർ,<br>പുനലൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-83 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | 2 |
| 1984-85 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | 5 |
| 1986-87 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | 15 |
| 1987-88 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | |
| 1989-90 &1990-91 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | |
| 1991-92 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | |
| 1992-93 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | |
| 1996-97 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | |
| 1997-98 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | 2 |
| 1998-99 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | 31 |
| 1999-00 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | 33 |
| 2000-01 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | 17 |
| 2001-02 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | 10 |
| 2002-03 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | 13 |
| 2003-04 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | 11 |
| 2004-05 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | 22 |
| 2005-06 | എൽ.എഫ്.ക്യൂ.പി6-1358/14/6.8.14 | 18 |
| 2006-07 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 20 |
| 2007-08 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 12 |
| 2008-09 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 12 |
| 2010-11 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 4 |
| 2011-12 | എൽ.എഫ്.ക്യൂ.പി6-1785/14/29.10.14 | 29 |
| 2012-13 | എൽ.എഫ്.ക്യൂ.പി6-2968/14/01.01.15 | 22 |
| 2013-14, 2014-15 | എൽ.എഫ്.ക്യൂ.പി6-659/15/12.05.2016 | |
| 205-16 | കെ.എസ്സ്.എ-കെ.എൽ.എം.പി.6-1828/ | |

| | | |
|---|---|---|
| | 16/19-11-2016 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം/കൊല്ലം

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.4-1404/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 22/07/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു

എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം